**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1743** **12-09-2023 - ൽ മറുപടിയ്ക്ക്**

**കേര ഗ്രാമം പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ എം രാജഗോപാലൻ</th><th colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ കേര ഗ്രാമം പദ്ധതി വഴി സംസ്ഥാനത്ത് നാളികേര ഉല്പാദനത്തിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>കേരളത്തിലെ ഡിപ്പാർട്ടമെന്റ് ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ന്റെ കണക്കു പ്രകാരം 2021-22 വർഷത്തിൽ, നാളികേരത്തിന്റെ ഉല്പാദനം 5535 ദശലക്ഷം നാളികേരമാണ്. കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് ഉല്പാദനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ചുവടെ പട്ടികയിൽ ചേർത്തിട്ടുണ്ട്.
<table>
<tr><th>ക്രമ നം.</th><th>വർഷം</th><th>ഉൽപാദനം (ദശലക്ഷം നാളികേരം)</th><th>വർദ്ധനവ് %</th></tr>
<tr><td>1</td><td>2020-2021</td><td>4788</td><td></td></tr>
<tr><td>2</td><td>2021-2022</td><td>5535</td><td>15.60</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>കർഷകർക്ക് നല്ല നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും രോഗം വന്നവ മുറിച്ച് മാറ്റി പുതിയ കൃഷിക്ക് സജ്ജമാക്കുന്നതിനും എന്തെല്ലാം സഹായങ്ങളാണ് കൃഷി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?</td><td>(ബി)</td><td>സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപികരിച്ചു. കേരള കാർഷിക സർവകലാശാല (കെ.എ.യു), നാളികേര വികസന ബോർഡ് (സി.ഡി.ബി), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ), കൃഷി വകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ച തെങ്ങിൻ തൈകൾ50 ശതമാനം സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതമെങ്കിലും പുതുതായി ഓരോ വർഷവും വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്.</td></tr>
</table>

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടി മാറ്റി ഉല്പാദനക്ഷമതയുള്ള തൈകൾ നടാനുള്ള പദ്ധതി കേരഗ്രാമം ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ, കേട്ടു വന്നതും പ്രായാധിക്യം മൂലം കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ച് മാറ്റി നല്ലയിനം തെങ്ങിൻ തൈകൾ വെച്ചു പിടിപ്പിക്കുന്നു. ഇതിനായി തെങ്ങു മുറിച്ച് മാറ്റുന്നതിനു 1000 രൂപയും പുതിയ തെങ്ങിൻ തൈകൾ നടുന്നതിനു 60 രൂപയും സബ്സിഡിയിനത്തിൽ നൽകുന്നു. കൂടാതെ നാളികേര വികസന ബോർഡിന്റെ പദ്ധതിയായ റീപ്ലാന്റിംഗ് ആൻഡ് റെജുവിനേഷൻ എന്ന പദ്ധതിയിലും തെങ്ങു മുറിച്ച് മാറ്റുന്നതിനും പുതിയവ നടുന്നതിനും യഥാക്രമം 1000 രൂപയും 40 രൂപയും വീതം നൽകുന്നു. |

സെക്ഷൻ ഓഫീസർ